LIBRARY ARCHIVES Kerala Legislative Assembly

ആനപ്പാറ പി. എച്ച്. സി.-യിൽ ഐ. പി. വിഭാഗം തുടങ്ങുന്നതിന് നടപടി

128 [5919] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം (ആനപ്പാറ) പി. എച്ച്. സി.-യിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഐ. പി. വിഭാഗം പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സൗകര്യം തുടങ്ങാൻ ആവശ്യമായ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്നുമുതൽക്ക് ഈ പി. എച്ച്. സി.-യിൽ ഐ. പി. വിഭാഗം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവനക്കാരുടെ അപര്യാപ്തത മൂലമാണ് ഐ. പി. വിഭാഗം ഇവിടെ പ്രവർത്തിക്കാത്തത്.

(സി) ജില്ലയിലെ മറ്റുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമുള്ള ജീവനക്കാരെ പുനർവിന്യാസാടിസ്ഥാനത്തിൽ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(ഡി) മറ്റു സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരെ പുനർവിന്യസിച്ചോ അതല്ലെങ്കിൽ അധിക തസ്തികകൾ സൃഷ്ടിച്ചോ ഐ. പി. വിഭാഗം തുടങ്ങാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

മേജർ ശസ്ത്രക്രിയകൾക്ക് വിവിധ മെഡിക്കൽ കോളേജ് ആശുപത്രികൾ ഈടാക്കിവരുന്ന ചികിൽസാ ചെലവ്

129 [5923] ശ്രീ. എ. സുജനപാൽ:
,, ടി. യു. രാധാകൃഷ്ണൻ:
,, വർക്കല കഹാർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജ്, സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ ആശുപത്രികളിൽ വിവിധ മേജർ ശസ്ത്രക്രിയ കൾക്ക് എന്ത് തുക വീതമാണ് രോഗികളിൽനിന്നും ഈടാക്കുന്നത്;